## പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 1147 14.06.2012 - ൽ മറുപടിയ്ക്ക്

### ഗ്രീൻ ബിൽഡിംഗ് പദ്ധതിയുടെ വിശദാംശങ്ങൾ

| ചോദ്യം<br>ശ്രീ. സി. ദിവാകരൻ | ഉത്തരം<br>ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പു മന്ത്രി) |
|---|---|
| (എ) ഗ്രീൻ ബിൽഡിംഗ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വിവരിക്കാമോ; | (എ) കെട്ടിടങ്ങൾ പ്രകൃതിയിൽ ഏൽപ്പിക്കുന്ന ആഘാതങ്ങൾ പരമാവധി കുറച്ച് ഒരു പരിസ്ഥിതി സൗഹൃദ അന്തരീക്ഷം നിർമ്മാണ രംഗത്ത് നിലനിർത്തുക എന്നതാണ് ഗ്രീൻ ബിൽഡിംഗ് പദ്ധതിയുടെ പ്രധാന ലക്ഷ്യം. ഹരിത നിർമ്മാണ സാങ്കേതിക വിദ്യ ഉപയോഗിക്കുന്നതിലൂടെ പ്രധാനമായും കെട്ടിടങ്ങളുടെ പ്രവർത്തന ചെലവിനോടോപ്പം വൈദ്യുതി, ജലം എന്നിവയുടെ ഉപയോഗം പരമാവധി കുറയ്ക്കുവാനും കഴിയും. ഇതു മൂലം പ്രകൃതി ജന്യ വിഭവങ്ങളുടെ ഉപയോഗവും അങ്ങനെ പ്രകൃതിയോടിണങ്ങുന്ന ഒരു നിർമ്മാണ രീതിയും നടപ്പിലാക്കുവാൻ സാധിക്കും. |
| (ബി) ഈ പദ്ധതി നടപ്പാക്കാനായി കേന്ദ്ര പാരമ്പര്യേതര ഊർജ്ജ വകുപ്പിൽ നിന്ന് എത്ര കോടി രൂപയുടെ ധനസഹായം കഴിഞ്ഞ സാമ്പത്തിക വർഷം ലഭിച്ചു എന്ന് അറിയിക്കുമോ; | (ബി) സാമ്പത്തിക സഹായം ലഭിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| (സി) | കേന്ദ്ര സഹായം ഉൾപ്പെടെ കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ പ്രസ്തുത പദ്ധതിക്കായി ചെലവാക്കിയ തുക എത്രയെന്ന് വ്യക്തമാക്കാമോ ? | (സി) | പ്രസ്തുത പദ്ധതി നടപ്പിൽ വരുത്തുന്നതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ ആണ് ഇപ്പോൾ നടന്നു വരുന്നത് അതിനാൽ ഇതുവരെ തുകയൊന്നും ചെലവാക്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ